2026
OCTOBER
12
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper



# കയറ്റുമതി ഒരുലക്ഷം കോടി ഡോളർ കടക്കും

**മുംബൈ:** ഇന്ത്യയുടെ കയറ്റുമതി നടപ്പുസാമ്പത്തികവർഷം ഒരുലക്ഷം കോടി ഡോളർ കടക്കുമെന്ന് കേന്ദ്ര വാണിജ്യമന്ത്രി പിയൂഷ് ഗോയൽ. ആഗോള വ്യാപാരം കുറഞ്ഞുവരുകയാണെങ്കിലും ഇക്കാര്യത്തിൽ തനിക്ക് ശുഭാപ്തിവിശ്വാസമാണുള്ളതെന്ന് അദ്ദേഹം പറഞ്ഞു. കഴിഞ്ഞ വർഷം 86,300 കോടി ഡോളറിന്റെ കയറ്റുമതിയാണ് ഇന്ത്യയിൽനിന്നുണ്ടായത്. ഇതിൽനിന്ന് 16 ശതമാനംവരെ വർധനയാണ് ഈ സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്നത്.

സാമ്പത്തികവർഷം ആദ്യപകുതിയിലെ കണക്കുകൾ നോക്കുമ്പോൾ ലക്ഷ്യം മറികടക്കാനാകുമെന്ന് കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ് പാർട്ണർഷിപ്പ് സമ്മിറ്റിൽ അദ്ദേഹം പറഞ്ഞു. 2026 ഏപ്രിൽമുതൽ ഓഗസ്റ്റുവരെയുള്ള വാണിജ്യ മന്ത്രാലയത്തിന്റെ കണക്കുപ്രകാരം 39,927 കോടി ഡോളറിന്റെ കയറ്റുമതിയാണ് ഇന്ത്യ നടത്തിയിട്ടുള്ളത്. ആഗോള വളർച്ച മൂന്നുശതമാനംവരെ കുറയാനിടയുണ്ടെന്നു കണക്കാക്കുന്ന സമയത്താണ് ഇന്ത്യ കയറ്റുമതിയിൽ ഈ നേട്ടം ലക്ഷ്യമിടുന്നത്.

ഇന്ത്യയിലെ 6.3 കോടി ചെറുകിടസൂക്ഷ്മഇടത്തരം സംരംഭങ്ങളും ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകളും 2.5 ലക്ഷംവരുന്ന സ്റ്റാർട്ടപ്പുകളുമാണ് കയറ്റുമതി രംഗത്തെ ചലനാത്മകതയ്ക്കു ശക്തിപകരുന്നതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ലോകം മതിലുകൾ പണിയുമ്പോൾ ഇന്ത്യ പാലം നിർമിക്കുകയാണ്. യൂറോപ്യൻ യൂണിയൻ, ബ്രിട്ടൻ എന്നിവയടക്കമുള്ള രാജ്യങ്ങളുമായി സ്വതന്ത്ര വ്യാപാരക്കരാർ കൊണ്ടുവരാനായത് രാജ്യത്തെ കയറ്റുമതിമേഖലയ്ക്കു നേട്ടമാകുമെന്നും അദ്ദേഹം പറഞ്ഞു.

## യുഎസ് ഗ്രീൻ കാർഡ് പ്രോഗ്രാമിൽനിന്ന് ഐടി കമ്പനികൾക്ക് വിലക്ക്

**വാഷിംഗ്ടൺ ഡിസി/ന്യൂദൽഹി:** റഷ്യയിൽനിന്ന് ഇന്ധനം വാങ്ങുന്നതിനെച്ചൊല്ലി ഇന്ത്യയുഎസ് വ്യാപാര ചർച്ചകൾ അനിശ്ചിതത്വത്തിലായിരിക്കേ, പ്രമുഖ ടെക് കമ്പനികൾക്കെതിരേ ട്രംപ് ഭരണകൂടത്തിന്റെ കടുപ്പമേറിയ നടപടി.അമേരിക്കയിൽ ജോലി ചെയ്യുന്ന വിദേശ വിദഗ്ധർക്കു സ്ഥിരതാമസ അനുമതി നൽകുന്നതിനുള്ള പ്രധാന പ്രക്രിയയായ പെർമനൻറ് ലേബർ സർട്ടിഫിക്കേഷൻ പ്രോഗ്രാമിൽനിന്ന് പ്രമുഖ ഇന്ത്യൻ, ആഗോള ഐടി കമ്പനികളെ യുഎസ് തൊഴിൽ വകുപ്പ് താത്കാലികമായി സസ്പെൻഡ് ചെയ്ത നടപടി തിരിച്ചടിയാണ്.ഇന്ത്യൻ ഐടി ഭീമന്മാരായ ടിസിഎസ്, ഇൻഫോസിസ്, വിപ്രോ, എച്ച്സിഎൽ ടെക്, കോഗ്നിസൻറ് എന്നിവയ്ക്കുപുറമെ ആഗോള കമ്പനികളായ മൈക്രോസോഫ്റ്റ്, അഡോബ്, ക്യാപ്ജെമിനി തുടങ്ങി എട്ട് പ്രമുഖ കമ്പനികൾക്കെതിരേയാണു നടപടി. ഈ കമ്പനികളിൽനിന്നുള്ള പുതിയ പിഇആർഎം അപേക്ഷകൾ സ്വീകരിക്കുകയോ നിലവിലുള്ളവ പ്രോസസ് ചെയ്യുകയോ ചെയ്യില്ലെന്ന് യുഎസ് വ്യക്തമാക്കി.

## രാജ്യം 6ജി സാങ്കേതികവിദ്യയിലേക്ക്

**ന്യൂദൽഹി:** ആറാം തലമുറ മൊബൈൽ കണക്റ്റിവിറ്റിയായ 6ജിയുടെ വരവിനുള്ള തയാറെടുപ്പുകളുമായി ജിയോ. ആഗോള 6ജി സാങ്കേതിക മാനദണ്ഡങ്ങൾ 2030ൽ അന്തിമമാകുമ്പോൾ, 6ജി സേവനങ്ങൾ അവതരിപ്പിക്കുന്ന ആദ്യ രാജ്യങ്ങളിൽ ഒന്നായി ഇന്ത്യ മാറാൻ സാധ്യതയുണ്ടെന്ന് ജിയോ വ്യക്തമാക്കി.

ജിയോ വികസിപ്പിച്ച പ്രീ6ജി സാങ്കേതിക സംവിധാനവും ഗിഗാ മിമോ റേഡിയോയും ന്യൂദൽഹിയിൽ നടക്കുന്ന ഇന്ത്യ മൊബൈൽ കോൺഗ്രസ് 2026ൽ പ്രദർശിപ്പിക്കുന്നുണ്ട്. നിലവിലെ 5ജി നെറ്റ്‌വർക്കുകളെ അപേക്ഷിച്ച് അഞ്ചുമടങ്ങ് വരെ ശേഷി കൈവരിക്കാനും ഡാറ്റ കൈമാറ്റത്തിലെ കാലതാമസം പത്തിലൊന്നായി കുറയ്ക്കാനുമാണ് 6ജിയിലൂടെ ലക്ഷ്യമിടുന്നതെന്ന് ജിയോ അറിയിച്ചു.ഇതിലൂടെ ഒരേസമയം കൂടുതൽ ഡാറ്റ കൈകാര്യം ചെയ്യാനും കൂടുതൽ ഉപയോക്താക്കൾക്ക് സേവനം നൽകാനും സാധിക്കും. നിർദേശങ്ങളോടും കമാൻഡുകളോടും നെറ്റ്‌വർക്കുകൾ പ്രതികരിക്കുന്ന വേഗവും ഗണ്യമായി വർധിക്കും. ഡാറ്റ വേഗതയിലും പുരോഗതി പ്രതീക്ഷിക്കുന്നു.തത്സമയ നിർമിതബുദ്ധി (എഐ) സേവനങ്ങൾ, ഹോളോഗ്രാഫിക് വീഡിയോ, ആരോഗ്യ പരിചരണം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ പുതിയ സാധ്യതകൾ തുറക്കാൻ ഈ സാങ്കേതിക മുന്നേറ്റങ്ങൾക്ക് കഴിയുമെന്നാണ് വിലയിരുത്തൽ.ഐഎംസിയിലെ ജിയോയുടെ പ്രദർശനത്തിലെ പ്രധാന ആകർഷണങ്ങളിലൊന്നാണ് ഗിഗാ മിമോ.

## ജിഎസ്ടിയിൽ ഇനി അറസ്റ്റില്ല, പിഴ 10,000

**ന്യൂദൽഹി:** ജിഎസ്ടി നിയമം അനുസരിച്ച് ഇനി അറസ്റ്റ് ഇല്ല. നിയമത്തിൽ നിലവിൽ ഉദ്യോഗസ്ഥർക്കുണ്ടായിരുന്ന അറസ്റ്റ് അധികാരം പൂർണമായി ഒഴിവാക്കാൻ 57ാമത് ജിഎസ്ടി കൗൺസിൽ ശുപാർശ ചെയ്തു. ഇതിനായി കേന്ദ്ര ജിഎസ്ടി നിയമത്തിലെ 69ാം വകുപ്പ് ഒഴിവാക്കും.

അതേസമയം, നികുതി തട്ടിപ്പുകൾക്കും വെട്ടിപ്പിനുമെതിരായ നടപടി തുടരും. ജിഎസ്ടി നിയമ പ്രകാരം ക്രിമിനൽ പ്രോസിക്യൂഷൻ ആരംഭിക്കുന്നതിനുള്ള നികുതി തുകയുടെ പരിധി ഒരു കോടിയിൽനിന്ന് 5 കോടി രൂപയായി ഉയർത്താനും തീരുമാനിച്ചു. സാധനങ്ങളോ സേവനങ്ങളോ ലഭിക്കാതെയും ഇൻവോയ്സ്/ബിൽ ഇല്ലാതെയും വ്യാജമായി ഐടിസി നേടിയെടുക്കുന്ന കേസുകൾ പ്രധാനമായും പ്രോസിക്യൂഷന്റെ പരിധിയിൽ വരും.

ശുപാർശകൾ 2027 ഏപ്രിൽ ഒന്നിന് പ്രാബല്യത്തിലാകും. ജിഎസ്ടി സംബന്ധിച്ചുള്ള പൊതുവായ പിഴ 25,000 രൂപയായിരുന്നത് 10,000 രൂപയാക്കി കുറയ്ക്കും. വിവിധ ജിഎസ്ടി കുറ്റങ്ങൾക്കുള്ള ശിക്ഷയും കുറ്റത്തിന്റെ ഗൗരവമനുസരിച്ച് യുക്തിസഹമാക്കാനും കൗൺസിൽ ശുപാർശ ചെയ്തു.

നികുതി നിരക്കുകളിൽ മാറ്റങ്ങളൊന്നും നിർദേശിക്കാതെയാണ് 57ാമത് ജിഎസ്ടി കൗൺസിൽ യോഗം ഇന്നലെ സമാപിച്ചത്. നിരക്ക് പരിഷ്കാരം ഇനി വർഷത്തിലൊരിക്കൽ മാത്രമേ പരിഗണിക്കൂ എന്നും കൗൺസിൽ തീരുമാനിച്ചു. വർഷത്തിൽ ഒരു യോഗം നിരക്കു പരിഷ്കരണത്തിനു വേണ്ടി മാത്രമായി മാറ്റിവയ്ക്കും. തൊട്ടടുത്ത സാമ്പത്തിക വർഷത്തിന്റെ ആദ്യദിവസമായ ഏപ്രിൽ ഒന്നിനു പ്രാബല്യത്തിൽ വരുന്ന തരത്തിലായിരിക്കും ഇത് നടപ്പാക്കുക.




# വിദേശനിക്ഷേപകർ കഴിഞ്ഞദിവസം പിൻവലിച്ചത് 13,000 കോടി

**മുംബൈ:** ഒക്ടോബർ എട്ടിന് വിദേശനിക്ഷേപകർ വിറ്റൊഴിഞ്ഞത് 13,000 കോടി രൂപ മൂല്യമുള്ള ഓഹരികൾ. 2026ൽ രേഖപ്പെടുത്തിയ രണ്ടാമത്തെ ഏറ്റവും ഉയർന്ന ഒറ്റദിവസത്തെ വിദേശ വിറ്റൊഴിയലാണിത് ഇതോടെ ഒക്ടോബറിലെ ആദ്യ അഞ്ച് വ്യാപാരദിനങ്ങളിലായി വിദേശനിക്ഷേപകരുടെ അറ്റവിൽപ്പന 37,929 കോടി രൂപയായി. 2026ൽ ഇതുവരെയുള്ള വിൽപ്പനയാകട്ടെ 4.41 ലക്ഷം കോടിയും. മ്യൂച്വൽ ഫണ്ടുകൾ ഉൾപ്പെടെയുള്ള ആഭ്യന്തരനിക്ഷേപ സ്ഥാപനങ്ങൾ ഒക്ടോബർ എട്ടിന് 10,703 കോടി രൂപയുടെ ഓഹരികൾ വാങ്ങുകയും ചെയ്തു. എന്നിട്ടും വിപണിക്ക് പിടിച്ചുനിൽക്കാനായില്ല. സെൻസെക്സ് ആയിരത്തിലേറെ പോയന്റ് തകർച്ച നേരിട്ടു.

റിപ്പോ നിരക്കിലെ വർധന, ക്രൂഡ് ഓയിൽ വിലയിലുണ്ടായ മുന്നേറ്റം, യു.എസ്. കടപ്പത്ര ആദായത്തിലെ കുതിപ്പ് എന്നിവയാണ് വിപണിയെ ബാധിച്ചത്. അതേസമയം, വെള്ളിയാഴ്ചത്തെ വ്യാപാരത്തിനിടെ ഒരുപരിധിവരെ നഷ്ടം തിരിച്ചുപിടിക്കുകയും ചെയ്തു.

രണ്ടുവർഷത്തിനിടെ വിദേശനിക്ഷേപകർ രാജ്യത്തെ വിപണിയിൽനിന്ന് 40 ബില്യൺ ഡോളറാണ് തിരികെക്കൊണ്ടുപോയത്. നിലവിൽ വിദേശനിക്ഷേപകരെ ആകർഷിക്കുന്ന ഒന്നും ആഭ്യന്തര വിപണിയിലില്ല. വൻകിട കമ്പനികളിൽ പലതും കാര്യമായ വളർച്ച കാണിക്കുന്നുമില്ല. ഇടത്തരം ചെറുകിട കമ്പനികളിൽനിന്ന് വൻകിട വിദേശനിക്ഷേപകർ വിട്ടുനിൽക്കുകയാണ് പതിവ്. പരിമിതമായ ലിക്വിഡിറ്റിയും ഫ്രീ ഫ്ലോട്ടിങ്ങുമാണ് കാരണം.വരുംമാസങ്ങളിൽ എ.ഐ. ബൂം അവസാനിക്കുകയോ പശ്ചിമേഷ്യൻ സംഘർഷം അയയുകയോ ചെയ്താലും വിദേശനിക്ഷേപം ഉടനടി തിരിച്ചെത്താനുള്ള സാധ്യതകൾ പ്രകടമല്ല. ദീർഘകാല നിക്ഷേപത്തേക്കാൾ ഹ്രസ്വകാല ട്രേഡിങ്ങിനായിരിക്കും നിക്ഷേപകർ രാജ്യത്തെ വിപണിയെ പ്രയോജനപ്പെടുത്തുക.

# മാനസിക വെല്ലുവിളികൾ നേരിടുന്നവരെ ചേർത്ത് നിർത്തേണ്ടത് സമൂഹത്തിന്റെ ആവശ്യം : മന്ത്രി കെ മുരളീധരൻ




**തിരുവനന്തപുരം:** മാനസിക വെല്ലുവിളികൾ നേരിടുന്നവരെ ഒറ്റപ്പെടുത്താതെ ചേർത്ത് നിർത്തേണ്ടത് സമൂഹത്തിന്റെ ആവശ്യമാണെന്ന് ആരോഗ്യ, കുടുംബക്ഷേമ വകുപ്പ് മന്ത്രി കെ മുരളീധരൻ. മാനസികാരോഗ്യ ദിനാചരണത്തോടനുബന്ധിച്ച് മാനസികാരോഗ്യ ആചരണ ബോധവത്കരണ മാസത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

മാനസിക വെല്ലുവിളികൾ നേരിടുന്നവരെ ശ്രദ്ധയോടെ കേട്ട് അതിലൂടെ സമൂഹത്തിലും സർക്കാർ നയരൂപീകരണത്തിലും മാറ്റങ്ങൾ കൊണ്ടുവരികയുമാണ് ഈ വർഷത്തെ മാനസിക ദിനാചരണ ക്യാമ്പയിൻ കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മന്ത്രി പറഞ്ഞു. കേരളം സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി, തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് മാനസികാരോഗ്യ വിഭാഗം, ഇന്ത്യൻ സൈക്ക്യാട്രിക്ക് സൊസൈറ്റി കേരള ബ്രാഞ്ച്, വേണാട് ഗിൽഡ് ഓഫ് സൈക്ക്യാട്രിസ്റ്റ് ആൻഡ് മാനസ കേരളം എന്നിവ സംയുക്തമായി സംഘടിപ്പിച്ച പരിപാടിയിൽ വി മുരളീധരൻ എം എൽ എ അധ്യക്ഷനായി.

കേരളം സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ ഔദ്യോഗിക ലോഗോ മന്ത്രി കെ മുരളീധരൻ പ്രകാശനം ചെയ്തു. മെഡിക്കൽ കോളേജ് സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിലെ സീനിയർ സൈക്ക്യാട്രിസ്റ്റ് ഡോ. ജോസഫ് മോനിയെ മന്ത്രി ആദരിച്ചു. ഉദ്ഘാടന പരിപാടിക്ക് മുന്നോടിയായി മാനസികാരോഗ്യ രംഗത്തെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർ അനുഭവങ്ങൾ പങ്കുവെച്ചു.

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ നടന്ന പരിപാടിയിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ. കെ വി വിശ്വനാഥൻ, ജോയിന്റ് ഡയറക്ടർ ഡോ. മിനി എസ് എസ്, മെന്റൽ ഹെൽത്ത് അതോറിറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. മിലി ബാബു, തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. രഞ്ജു രവീന്ദ്രൻ, സൂപ്രണ്ട് ഡോ. സി ജി ജയചന്ദ്രൻ, മാനസികാരോഗ്യ വിഭാഗം സ്റ്റേറ്റ് നോഡൽ ഓഫീസർ ഡോ. കിരൺ പി എസ്, ഡോ. അനിൽ കുമാർ ടി വി, ഡോ അരുൺ ബി നായർ, ഡോ. മേഴ്സി ജോയ് സെബാസ്റ്റ്യൻ, ഡോ സാഗർ റ്റി, ഡോ മോഹൻ റോയ് ജി തുടങ്ങിയവർ സന്നിഹിതരായി.



# സ്കൂളുകളിൽ ദുരന്തനിവാരണ പരിശീലനം നടപ്പാക്കും: മന്ത്രി രമേശ് ചെന്നിത്തല

**മൂവാറ്റുപുഴ:** പൊലിസ്, ഫയർ ഫോഴ്സ് എന്നിവയുടെ സഹകരണത്തോടെ സ്കൂളുകളിൽ ദുരന്തനിവാരണ പരിശീലനം നടപ്പാക്കുമെന്നു ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. ഡീൻ കുര്യാക്കോസ് എംപിയുടെ നേതൃത്വത്തിൽ ഇടുക്കി പാർലമെൻറ് മണ്ഡലത്തിൽ നടപ്പാക്കുന്ന റൈസ് വിദ്യാഭ്യാസ പദ്ധതിയുടെ മൂവാറ്റുപുഴകോതമംഗലം മേഖലാതല പ്രവർത്തനോദ്ഘാടനം നിർവഹിക്കുകയായിരുന്നു ചെന്നിത്തല. ഡീൻ കുര്യാക്കോസ് എംപി അധ്യക്ഷത വഹിച്ചു. മാത്യു കുഴൽനാടൻ എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് കെ.ജി. രാധാകൃഷ്ണൻ, പഞ്ചായത്ത് പ്രസിഡൻറ് നെജി ഷാനവാസ്, നഗരസഭാ ചെയർപേഴ്സൺ ജോയ്സ് മേരി ആൻറണി, മാറാടി പഞ്ചായത്ത് പ്രസിഡൻറ് ഷാൻറി, പ്രഫ. ജോസ്കുട്ടി ജെ. ഒഴുകയിൽ തുടങ്ങിയവർ പ്രസംഗിച്ചു.





# വിഴിഞ്ഞത്ത് 500 കോടി രൂപയുടെ പദ്ധതികൾക്ക് തുടക്കമിട്ട് സർക്കാർ

**വിഴിഞ്ഞം:** മത്സ്യത്തൊഴിലാളികളുടെ കണ്ണീര് വീഴ്ത്തുന്ന ഒരു നടപടിയും സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകില്ലെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. വിഴിഞ്ഞത്ത് പുതിയ മത്സ്യബന്ധന തുറമുഖത്തിന്റെ തറക്കല്ലിടലും നിലവിലെ മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണ ഉദ്ഘാടനവും നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. വിഴിഞ്ഞംപൂവാർ റോഡിൽ തെന്നൂർക്കോണത്ത് നടന്ന ചടങ്ങിൽ ഫിഷറീസ് വകുപ്പ് മന്ത്രി വി.ഇ. അബ്ദുൾ ഗഫൂർ അധ്യക്ഷത വഹിച്ചു. അന്താരാഷ്ട്ര തുറമുഖത്തിന്റെ പുലിമുട്ട് നിർമാണം കാരണം വിഴിഞ്ഞം പ്രദേശത്തെ മത്സ്യബന്ധനയാനങ്ങൾക്ക് കൂടുതൽ ദൂരം സഞ്ചരിക്കേണ്ടതിനാൽ അധിക ഇന്ധനം ചെലവായതിനുള്ള നഷ്ടപരിഹാര ഉപജീവനസഹായം മുഖ്യമന്ത്രി വിതരണം ചെയ്തു. 1,335 ഗുണഭോക്താക്കൾക്കായുള്ള 35 കോടി രൂപ നഷ്ടപരിഹാര ഉപജീവന സഹായം നേരിട്ട് ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകും.

വിഴിഞ്ഞത്ത് ഏറ്റവും അത്യാധുനികമായ, എല്ലാ വിധ പുത്തൻ സംവിധാനങ്ങളോടു കൂടിയ മത്സ്യബന്ധന തുറമുഖം നിലവിൽ വരുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. മത്സ്യ ഉൽപ്പന്നങ്ങൾ കൃത്യമായി മാർക്കറ്റ് ചെയ്യുന്നതിനുള്ള സംവിധാനം ഉറപ്പാക്കും. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വികസിക്കുന്നതോടൊപ്പം മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരത്തിൽ മാറ്റം വരുന്നുണ്ടെന്ന് ഉറപ്പാക്കും. മത്സ്യത്തൊഴിലാളികളുടെ മക്കൾക്കായി പുതിയ അക്കാദമിക് കോഴ്സുകൾ തുടങ്ങും. തുറമുഖവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടാകുന്ന എല്ലാ പ്രശ്നങ്ങളും പരിശോധിച്ച് സമയബന്ധിതമായി പരിഹരിക്കും. ഈ സർക്കാർ ആറ് മാസം പൂർത്തിയാക്കുമ്പോൾ കേരളത്തിന് അഭിമാനിക്കാനാകുന്ന ഒട്ടേറെ പുതിയ പദ്ധതികൾക്ക് തുടക്കം കുറിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

260 കോടി രൂപ ചെലവിലാണ് ആധുനിക സൗകര്യങ്ങളോട് കൂടിയ മത്സ്യബന്ധന തുറമുഖം വിഴിഞ്ഞത്ത് നിർമിക്കുന്നത്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനായുള്ള കൺസഷൻ കരാറിലെ വ്യവസ്ഥകളുടെ ഭാഗമായി സർക്കാർ ഫണ്ടഡ് വർക്കായി അദാനി പോർട്ട് ആണ് തുറമുഖം നിർമിക്കുന്നത്. അന്താരാഷ്ട്ര തുറമുഖത്തിന്റെ തുടർഘട്ടം നിർമാണം പൂർത്തീകരിക്കുന്നതിനോടൊപ്പം പുതിയ മത്സ്യബന്ധനതുറമുഖവും യാഥാർഥ്യമാകും. നിലവിലെ മത്സ്യബന്ധന തുറമുഖത്തിന്റെ ലീവാർഡ് പുലിമുട്ടിനും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വടക്കേ പുലിമുട്ടിനും ഇടയിലാണ് പുതിയ തുറമുഖം വികസിപ്പിക്കുന്നത്. പദ്ധതിയുടെ ഭാഗമായി 235 മീറ്റർ നീളമുള്ള പുലിമുട്ട്, 340 മീറ്റർ നീളമുള്ള ഫിഷ് ലാൻഡിംഗ് വാർഫ്, 400 മീറ്റർ നീളമുള്ള റിക്ലമേഷൻ ബണ്ട് എന്നിവ നിർമിക്കും. കരഭാഗത്ത് രണ്ട് ആധുനിക ലേലഹാളുകൾ, ലോഡിംഗ് ഏരിയകൾ, ഏകദേശം 12,285 ചതുരശ്ര മീറ്റർ പാകിയ പാർക്കിങ് ഏരിയ, ഒരു കിലോമീറ്റർ ആഭ്യന്തര റോഡ്, പാലം, ഭരണനിർവഹണ കെട്ടിടം, കാന്റീൻ, വല നന്നാക്കൽ ഷെഡ്, ഗിയർ ഷെഡ്, ശുചിമുറി ബ്ലോക്ക്, ജലവിതരണ സംവിധാനങ്ങൾ, ഹൈമാസ്റ്റ്യാർഡ് ലൈറ്റുകൾ, സുരക്ഷാ സംവിധാനങ്ങൾ തുടങ്ങിയവയും ഒരുക്കും.

കേരളത്തിലെ ആദ്യകാല മത്സ്യബന്ധന തുറമുഖങ്ങളിലൊന്നായ വിഴിഞ്ഞത്ത് ആരംഭിക്കുന്ന 90 കോടി രൂപ മുടക്കിയുള്ള നവീകരണ പ്രവർത്തനങ്ങൾ രണ്ടു വർഷം കൊണ്ട് പൂർത്തിയാകും. നിർമ്മാണച്ചെലവ് ഡ കടഘ മുഖേന സംസ്ഥാന സർക്കാർ വഹിക്കും. 2.76 കോടി ചെലവിൽ ഏകദേശം 8,212 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ ആധുനിക മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നുണ്ട്. മാർക്കറ്റിൽ 30 മത്സ്യപ്രദർശന ഔട്ട്ലെറ്റുകൾ, കടമുറികൾ, ഫിഷ് സ്റ്റാളുകൾ, ഫ്രഷ് സോസുകൾ, ഫ്രീസർ മുറികൾ തുടങ്ങിയ സൗകര്യങ്ങളുണ്ടാകും.

രണ്ട് മത്സ്യബന്ധന തുറമുഖങ്ങളുടെയും ഉള്ളിൽ തിരയിളക്കം കുറച്ച് പ്രതികൂല കാലാവസ്ഥയിലും സുരക്ഷിതമായ മത്സ്യബന്ധനത്തിന് സാഹചര്യമൊരുക്കുന്നതിനായി 125 കോടി ചെലവിൽ പുതിയ പുലിമുട്ടും ഹാർബർ എൻജിനീയറിങ് വകുപ്പ് നിർമ്മിക്കും.

മത്സ്യബന്ധന വകുപ്പും തുറമുഖ വകുപ്പും സംയുക്തമായി നടപ്പാക്കുന്ന ഈ പദ്ധതികൾ വിഴിഞ്ഞം ഉൾപ്പെടെയുള്ള തിരുവനന്തപുരം ജില്ലയിലെ മത്സ്യബന്ധന മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ ഉപജീവനവും അടിസ്ഥാന സൗകര്യങ്ങളും കൂടുതൽ ശക്തിപ്പെടുത്തുന്നതിന് സഹായകരമാകും.

ഉദ്ഘാടന ചടങ്ങിൽ എം വിൻസെന്റ് എംഎൽഎ സ്വാഗതം ആശംസിച്ചു. തുറമുഖ വകുപ്പ് സെക്രട്ടറി ഡോ. രത്തൻ യു ഖേൽക്കർ, വിഴിഞ്ഞം സീപോർട്ട് ഇന്റർനാഷണൽ ലിമിറ്റഡ് മാനേജിങ് ഡയറക്ടർ ജെറോമിക് ജോർജ്, രാഷ്ട്രീയ, സാമുദായിക നേതാക്കൾ, ജനപ്രതിനിധികൾ,പദ്ധതിയുടെ ഗുണഭോക്താക്കൾ എന്നിവർ പങ്കെടുത്തു.

# സർക്കാരിന്റെ ആദ്യ നൂറുദിന കർമപദ്ധതിയിൽ 96.8% പദ്ധതി പൂർത്തീകരണം

**തിരുവനന്തപുരം:** സംസ്ഥാന സർക്കാരിന്റെ ആദ്യ നൂറുദിന കർമപദ്ധതിയിൽ ലക്ഷ്യമിട്ട 588 പദ്ധതികളിൽ 568 എണ്ണവും പൂർത്തീകരിച്ചെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. 20 പദ്ധതികൾ 90 ശതമാനം പൂർത്തിയാക്കിയെന്നും മന്ത്രിസഭായോഗത്തിന് ശേഷമുള്ള വാർത്താസമ്മേളനത്തിൽ മുഖ്യമന്ത്രി അറിയിച്ചു. വൻകിട പദ്ധതികൾ ഏറ്റെടുക്കാൻ സർക്കാരിന് വലിയ ആത്മവിശ്വാസം പകരുന്നതാണ് നൂറുദിന കർമപദ്ധതിയുടെ വിജയമെന്ന് മുഖ്യമന്ത്രി പറഞ്ഞു. നൂറുദിന കർമപദ്ധതിയുടെ തുടർച്ചയായി ഒക്ടോബർ 15 മുതൽ ഡിസംബർ 31 വരെ ഫയൽ അദാലത്ത് സംഘടിപ്പിക്കുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു.

നൂറുദിന കർമപദ്ധതിയിലൂടെ ലക്ഷക്കണക്കിന് സാധാരണക്കാർക്ക് ഗുണം ലഭിച്ചുവെന്ന് മുഖ്യമന്ത്രി പറഞ്ഞു. പദ്ധതി ചെലുത്തിയ സ്വാധീനം സംബന്ധിച്ച് റിപ്പോർട്ട് പ്രസിദ്ധീകരിക്കും. കേരളത്തിൽ ആദ്യമായി നൂറുദിന കർമപദ്ധതിയുടെ സുതാര്യമായ പൊതുപരിശോധനയ്ക്കായി പോർട്ടൽ സ്ഥാപിച്ചു. ഡാറ്റാധിഷ്ഠിത ഭരണനിർവഹണം എന്ന സർക്കാർ വാഗ്ദാനത്തിന്റെ തുടക്കമാണ് ഈ പോർട്ടൽ. സാങ്കേതികവിദ്യയുടെ സഹായത്തോടെ ഭരണനിർവഹണം കൂടുതൽ കാര്യക്ഷമമാക്കും. കേരളത്തിലേക്ക് നിക്ഷേപം ആകർഷിക്കുന്നതിനായി ഡാഷ് ബോർഡ് സംവിധാനം സ്ഥാപിക്കും. ഇതിലൂടെ നിക്ഷേപങ്ങളുടെ പുരോഗതി അളന്ന്, പ്രശ്നപരിഹാരം വേഗത്തിലാക്കാൻ സാധിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ജനസ്പർശം എന്ന് പേരിട്ട ഫയൽ അദാലത്തിലൂടെ വിവിധ വകുപ്പുകളിൽ വർഷങ്ങളായി കെട്ടിക്കിടക്കുന്ന ഫയലുകൾ പരിശോധിച്ച് തീർപ്പാക്കും. ഫയലുകൾ തീർപ്പാക്കുന്നതിനൊപ്പം, കാലങ്ങളായി കെട്ടിക്കിടക്കുന്നതിന്റെ കാരണം പഠിച്ച് ഫയൽ നീക്കത്തിനുള്ള സംവിധാനം പുനരാവിഷ്കരിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ഡിപ്പാർട്ട്മെന്റ് ഫോർ സീനിയർ സിറ്റിസൺസ് ബില്ലിന് മന്ത്രിസഭയുടെ അംഗീകാരം. ബിൽ ഒക്ടോബർ 12ന് തുടങ്ങുന്ന നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കും. മുതിർന്ന പൗരർക്ക് നിയമപരിരക്ഷ ഉറപ്പാക്കുകയാണ് ലക്ഷ്യമെന്ന് മുഖ്യമന്ത്രി അറിയിച്ചു.

## എം.ജി.യു. ഗവേഷകന് അമേരിക്കയിൽ പ്രബന്ധാവതരണത്തിന് ധനസഹായം

**കോട്ടയം:** മഹാത്മാഗാന്ധി സർവകലാശാലയുടെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആൻഡ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിലെ (ഐ.യു.സി.ബി.ആർ. ആൻഡ് എസ്.എസ്.എച്ച്.) പി.എച്ച്.ഡി. ഗവേഷകൻ നിഷാദ് കീത്തേടത്തിന് യു.എസ്.എ.യിൽ ഗവേഷണ പ്രബന്ധമവതരിപ്പിക്കാൻ യാത്രാ ധനസഹായം ലഭിച്ചു. അമേരിക്കയിലെ വാഷിങ്ടൺ ഡി.സി.യിൽ നവംബർ 14 മുതൽ 18 വരെ നടക്കുന്ന സൊസൈറ്റി ഫോർ ന്യൂറോ സയൻസിന്റെ വാർഷിക സമ്മേളനമായ 'ന്യൂറോ സയൻസ് 2026'ൽ ഗവേഷണം അവതരിപ്പിക്കുന്നതിനാണ് കേന്ദ്ര സർക്കാറിന്റെ അനുസന്ധാൻ നാഷണൽ റിസർച്ച് ഫൗണ്ടേഷൻ, യു.കെ.യിലെ ഡി.എം.എം. കമ്പനി ഓഫ് ബയോളജിസ്റ്റ്സ് എന്നിവയിൽനിന്ന് ധനസഹായം ലഭിച്ചത്.

കോശങ്ങൾക്കുള്ളിൽ ഊർജം ഉൽപ്പാദിപ്പിക്കുന്ന മൈറ്റോകോൺഡ്രിയകളിലേക്ക് ചികിത്സാ ആവശ്യങ്ങൾക്കോ രോഗനിർണയത്തിനോ ഉപയോഗിക്കുന്ന ഘടകങ്ങളെ നേരിട്ട്, കൃത്യമായി എത്തിക്കുന്നതിനുള്ള പുതിയ മാർഗങ്ങളെക്കുറിച്ചുള്ള തന്റെ ഗവേഷണം നിഷാദ് സമ്മേളനത്തിൽ അവതരിപ്പിക്കും. പാർക്കിൻസൺസ് രോഗം പോലുള്ള മസ്തിഷ്കരോഗങ്ങൾക്ക് കൂടുതൽ കൃത്യമായും ഫലപ്രദമായും ചികിത്സ വികസിപ്പിക്കാൻ ഈ ഗവേഷണം സഹായകമായേക്കും. ഐ.യു.സി.ബി.ആർ. ആൻഡ് എസ്.എസ്.എച്ചിലെ ഡോ. രാജേഷ് എ. ഷേണോയിയുടെ മേൽനോട്ടത്തിലാണ് നിഷാദ് ഗവേഷണം നടത്തുന്നത്. മസ്തിഷ്കത്തെയും നാഡീവ്യവസ്ഥയെയും കുറിച്ചുള്ള പഠനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ശാസ്ത്രജ്ഞരുടെയും വൈദ്യശാസ്ത്ര വിദഗ്ധരുടെയും ലോകത്തിലെ ഏറ്റവും വലിയ സംഘടനയായ സൊസൈറ്റി ഫോർ ന്യൂറോ സയൻസിന്റെ വാർഷിക സമ്മേളനമാണ് 'ന്യൂറോ സയൻസ് 2026'. അടിസ്ഥാന ന്യൂറോ സയൻസ് മുതൽ ക്ലിനിക്കൽ ഗവേഷണം വരെയുള്ള മേഖലകളിലെ ഏറ്റവും പുതിയ കണ്ടെത്തലുകൾ പങ്കുവെക്കുന്നതിനായി ലോകമെമ്പാടുമുള്ള ആയിരക്കണക്കിന് ഗവേഷകർ സമ്മേളനത്തിൽ പങ്കെടുക്കും.

### പരീക്ഷാഫലം

രണ്ടാം സെമസ്റ്റർ പി.ജി.സി.എസ്.എസ് എം.എസ്.സി ഇലക്ട്രോണിക്സ്, എം. എ ജേണലിസം ആൻഡ് മാസ്സ് കമ്മ്യൂണിക്കേഷൻ (2025 അഡ്മിഷൻ റെഗുലർ, 2024 അഡ്മിഷൻ ഇമ്പ്രൂവ്മെന്റ്, 2019 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മെയ് 2026 പരീക്ഷാഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 24 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

രണ്ടാം സെമസ്റ്റർ എം.എസ്.സി ഫിഷറി ബയോളജി ആൻഡ് അക്വാകൾച്ചർ (പി.ജി.സി.എസ്.എസ്) (2025 അഡ്മിഷൻ റെഗുലർ / 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ് / 202024 അഡ്മിഷനുകൾ റീഅപ്പിയറൻസ് / 2019 അഡ്മിഷൻ ഫസ്റ്റ് മേഴ്സി ചാൻസ്) മെയ് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 24 വരെ ഓൺലൈനായി അപേക്ഷിക്കാം.

### പരീക്ഷയ്ക്ക് അപേക്ഷിക്കാം

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ് (2020 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017 മുതൽ 2019 വരെ അഡ്മിഷനുകൾ മേഴ്സി ചാൻസ്), മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്, ബി.എസ്.സി സൈബർ ഫോറൻസിക് (2020 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ മേഴ്സി ചാൻസ്) നവംബർ 2026 പരീക്ഷകൾക്ക് നവംബർ 2 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 3 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 4 വരെയും അപേക്ഷ സ്വീകരിക്കും.

മൂന്നാം സെമസ്റ്റർ ബി.എ, ബി.കോം സി.ബി.സി.എസ് പ്രൈവറ്റ് രജിസ്ട്രേഷൻ (2024 അഡ്മിഷൻ ഇമ്പ്രൂവ്മെന്റ്, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ്, 2017 അഡ്മിഷൻ അവസാന മേഴ്സി ചാൻസ് ) നവംബർ 2026 പരീക്ഷകൾക്ക് നവംബർ 2 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 3 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 4 വരെയും അപേക്ഷ സ്വീകരിക്കും.

മൂന്നാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ ഇന്റലക്ചൽ ഡിസബിലിറ്റി/ ലേണിംഗ് ഡിസബിലിറ്റി (2025 അഡ്മിഷൻ റെഗുലർ, 2024 അഡ്മിഷൻ സപ്ലിമെന്ററി, 2023 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്, 2022 അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ്, 2021 അഡ്മിഷൻ അവസാന മേഴ്സി ചാൻസ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ) പരീക്ഷകൾക്ക് ഒക്ടോബർ 28 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 29 വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 30 വരെയും അപേക്ഷ സ്വീകരിക്കും.

എം.എ, എം.എ(പെർഫോമിംഗ് ആർട്സ്), എം.എസ്.സി, എം.കോം, എം.എഫ്.എ, എം.എസ്.ഡബ്ല്യൂ, എം.എം.എച്ച്, എം.സി.ജെ, എം.റ്റി.എ (റെഗുലർ, ആന്വൽ ആൻഡ് സെമസ്റ്റർ സ്കീം) എം.എ, എം.എസ്.സി, എം.കോം, (പ്രൈവറ്റ് രജിസ്ട്രേഷൻ, ആന്വൽ ആൻഡ് സെമസ്റ്റർ സ്കീം) ലാസ്റ്റ് ആൻഡ് ഫൈനൽ സ്പെഷ്യൽ മേഴ്സി ചാൻസ് പരീക്ഷകൾക്ക് നവംബർ 16 വരെ അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 17 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 18 വരെയും അപേക്ഷ സ്വീകരിക്കും.




മെറാൾഡ ജുവൽസിന്റെ പുതിയ ഫ്ളാഗ്ഷിപ്പ് ഷോറൂം കൊച്ചി എം.ജി. റോഡിൽ ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലി ഉദ്ഘാടനം ചെയ്യുന്നു. ചെയർമാൻ അബ്ദുൽ ജലീൽ ഇടത്തിൽ, കെ.പി.ജസ്ബെൽ, ജസീൽ മുഹമ്മദ് ഇടത്തിൽ, സി.എം. നജീബ്, മുഹമ്മദ് സിറാജ്, ഹൈബി ഈഡൻ എം.പി, എം.എ. അഷ്റഫ് അലി, സി.പി. മുഹമ്മദ് ഷാനിൽ, എന്നിവർ സമീപം.

# മെറാൾഡ ജുവൽസിന്റെ ഫ്ളാഗ്ഷിപ്പ് ഷോറൂം കൊച്ചി എം.ജി. റോഡിൽ പ്രവർത്തനം ആരംഭിച്ചു

## ഉദ്ഘാടനം ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലി ഉദ്ഘാടനം നിർവഹിച്ചു

**കൊച്ചി:** പ്രമുഖ ജുവലറി ഗ്രൂപ്പായ മെറാൾഡ ജുവൽസിന്റെ പുതിയ ഫ്ളാഗ്ഷിപ്പ് ഷോറൂം കൊച്ചി എം.ജി. റോഡിൽ ലുലു ഗ്രൂപ്പ് ഇന്റർനാഷണൽ ചെയർമാൻ എം.എ. യൂസഫലി ഉദ്ഘാടനം ചെയ്തു. ചിറ്റൂർ റോഡിലെ ഇയ്യാട്ടുമുക്കിൽ പ്രവർത്തിച്ചിരുന്ന ഷോറൂമാണ് കൂടുതൽ വിശാലമായ സൗകര്യങ്ങളോടെയും ഡിസൈനർ ആഭരണങ്ങളുടെ വിപുലമായ ശേഖരത്തോടെയും എറണാകുളം എം.ജി.റോഡ് മഹാരാജാസ് കോളേജ് സ്റ്റേഡിയം മെട്രോ സ്റ്റേഷന് സമീപം പ്രവർത്തനം ആരംഭിച്ചത്.

വിവാഹാഭരണങ്ങൾ, ആന്റിക് ബ്രൈഡൽ കളക്ഷൻ, പോൾക്കി, അൺകട്ട് ഡയമണ്ട്, ഡയമണ്ട്, ജെംസ്റ്റോൺ ആഭരണങ്ങൾ എന്നിവയ്ക്കൊപ്പം ദൈനംദിന ഉപയോഗത്തിനുള്ള ലൈറ്റ് വെയ്റ്റ് ആഭരണങ്ങളും പുതിയ ഷോറൂമിൽ ഒരുക്കിയിട്ടുണ്ട്. ഉദ്ഘാടനത്തോടനുബന്ധിച്ച് ഒക്ടോബർ 18 വരെ സ്വർണാഭരണങ്ങളുടെ പണിക്കൂലിയിൽ 40 ശതമാനവും ഡയമണ്ട് മൂല്യത്തിൽ 20 ശതമാനവും ഇളവ് പ്രഖ്യാപിച്ചിട്ടുണ്ട്. 2019ൽ പ്രവർത്തനം ആരംഭിച്ച മെറാൾഡ ജുവൽസിന് കേരളം, മംഗളൂരു, ദുബായ്, അബുദാബി എന്നിവിടങ്ങളിൽ സാന്നിധ്യമുണ്ട്. ഇന്ത്യയിലും ജി.സി.സി. രാജ്യങ്ങളിലും വടക്കേ അമേരിക്കയിലും പ്രവർത്തനം വിപുലീകരിക്കാനാണ് കമ്പനിയുടെ ലക്ഷ്യമിടുന്നതായി ചെയർമാനും മാനേജിങ് ഡയറക്ടറുമായ അബ്ദുൽ ജലീൽ ഇടത്തിൽ പറഞ്ഞു. ചടങ്ങിൽ ഹൈബി ഈഡൻ എം.പി, ടി. ജെ വിനോദ് എം.എൽ.എ, ലുലു ഗ്രൂപ്പ് ഇന്റർനാഷണൽ എക്സിക്യൂട്ടീവ് ഡയറക്ടർ എം.എ. അഷ്റഫ് അലി, ലുലു ഗ്രൂപ്പ് ഇന്റർനാഷണൽ ഡയറക്ടർ എം.എ. ഫഹാസ്, മെറാൾഡ ജുവൽസ് മാനേജിങ് ഡയറക്ടർ (ഇന്റർനാഷണൽ ബിസിനസ്) ജസീൽ മുഹമ്മദ് എടത്തിൽ, എക്സിക്യൂട്ടീവ് ഡയറക്ടർ സി.പി. മുഹമ്മദ് ഷാനിൽ, മെറാൾഡ ജുവൽസ് ഡയറക്ടർമാരായ സി.എം.നജീബ്, കെ.പി.ജസ്ബെൽ, പി.കെ.അജ്മൽ, പി.ഷറീന, കെ.എ.സലീം , കെ.പി.ജുമാന, എസ്.സി.എം ഹെഡ് ലബീബ് എൻ, ഷോറൂം ഹെഡ് ടി.ഷാനിദ്, സ്റ്റോർ മാനേജർ സൈജു ജേക്കബ്, കെ.പി. അഹമ്മദ്കുട്ടി എന്നിവർ പ്രസംഗിച്ചു.

# കേരള ബേക്ക് എക്സ്പോ 2026: ശ്രദ്ധ നേടി ട്രോപോലൈറ്റ് ഉൽപന്നങ്ങൾ

**കൊച്ചി:** അങ്കമാലിയിലെ അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ & എക്സിബിഷൻ സെന്ററിൽ 2026 ഒക്ടോബർ 9ന് ആരംഭിച്ച കേരള ബേക്ക് എക്സ്പോ 2026ൽ പാചക, ബവ്റേജ്, ഫ്രോസൺ ഭക്ഷണ രംഗത്തെ ഭക്ഷ്യചേരുവകളുടെ നിർമ്മാണരംഗത്തെ പ്രമുഖരായ ട്രോപോലൈറ്റിന്റെ ഉൽപന്നങ്ങൾ ശ്രദ്ധനേടുന്നു. ത്രിദിന എക്സ്പോയിൽ ട്രോപ്പോലൈറ്റ് പ്രീമിയം വിപ് ടോപ്പിങ്സ്, ബേക്കറി പ്രീമിക്സുകൾ, ക്രീം ചീസ്, കോൾഡ് കോഫി, ഫ്രോസൺ ഡെസ്സേർട്ടുകൾ, കുക്കിങ് ബേസുകൾ, എഗ് വാഷ് റീപ്ലേസർ ബേക്ക് ഷീൻ, മറ്റ് ഭക്ഷ്യ ചേരുവകൾ അടക്കമുള്ള തിരഞ്ഞെടുത്ത ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നുണ്ട്.




ഭക്ഷണ രംഗത്തെ ബിസിനസുകാർക്കും വ്യവസായികൾക്കും അതുപോലെ കുക്കിങ്ങും ഭക്ഷണവും ഇഷ്ടപ്പെടുന്നവർക്കും വേണ്ട ഉൽപന്നങ്ങൾ സ്റ്റാളിൽ പ്രദർശിപ്പിക്കുന്നുണ്ട്. കേരളത്തിലുടനീളമുള്ള ട്രോപോലൈറ്റിന്റ ജീവനക്കാർ ഭക്ഷ്യ, പാനീയ സംസ്കരണ വ്യവസായ രംഗത്തെ പ്രൊഫഷണലുകളുമായി സംവദിക്കുകയും ഉൽപന്നങ്ങളെ പരിചയപ്പെടുത്തുകയും ചെയ്യുന്നു.

ബേക്കേഴ്സ് അസോസിയേഷൻ കേരള (ബേക്ക്) സംഘടിപ്പിക്കുന്ന കേരള ബേക്ക് എക്സ്പോ ബേക്കറി, കൺഫെക്ഷണറി, ഇൻഗ്രേഡിയന്റ്സ്, ഭക്ഷ്യ സാങ്കേതികവിദ്യ, പാക്കേജിങ്, ഒീഞലഇമ മേഖലകളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന ബി2ബി പ്ലാറ്റ്ഫോം ആണ്. 2026ലെ എഡിഷനിൽ 600ൽ അധികം പ്രദർശനങ്ങൾ സംഘടിപ്പിക്കുകയും 25,000ൽ അധികം സന്ദർകർ എത്തുകയും ചെയ്യും.

പ്രൊഫഷണൽ ബേക്കേഴ്സ്, ഷെഫുകൾ, ഭക്ഷ്യസേവന, ബിസിനസ് രംഗത്ത് പ്രവർത്തിക്കുന്നവർ തുടങ്ങിയവരുടെ ആവശ്യങ്ങൾക്കായുള്ള പ്രായോഗികവും ഉപയോഗിക്കാവുന്നതുമായ 200ൽ അധികം ഫുഡ് സൊലൂഷൻസ് കമ്പനി വികസിപ്പിക്കുന്നുണ്ട്.

ബേക്കറി, പാചക, പാനീയ, ഫ്രോസൺ ഡെസ്സേർട്ട് ആപ്ലിക്കേഷനുകളിലായി ഉൽപന്നങ്ങളുള്ള ട്രോപോലൈറ്റ് ഭക്ഷണം തയ്യാറാക്കുന്നതിലെ വിവിധ ഘട്ടങ്ങളായ ബേക്കറി പ്രീമിക്സുകൾ, വിപ്പിങ് ടോപ്പിങ്സ്, കുക്കിങ് ബേസുകൾ, ഡയറി ചേരുവകൾ, ഫ്രോസൺ ഡെസ്സേർട്ട് സൊല്യൂഷനുകൾ തുടങ്ങിയവ ഉൽപാദിപ്പിക്കുന്നുണ്ട്.

# റെഡ്മി 17സി 5ജി സ്മാർട്ട് ഫോൺ പുറത്തിറക്കി




**കൊച്ചി:** പ്രമുഖ സ്മാർട്ട്ഫോൺ നിർമ്മാതാക്കളായ ഷവോമി ഇന്ത്യ, തങ്ങളുടെ പുതിയ സ്മാർട്ട്ഫോണായ റെഡ്മി 17സി 5ജിയുടെ വിൽപ്പന ആരംഭിച്ചു. വലിയ സ്ക്രീൻ, ദീർഘനേരം നിലനിൽക്കുന്ന ബാറ്ററി, വിശ്വസനീയമായ 5ജി പ്രവർത്തനം, പരിഷ്കരിച്ച രൂപകൽപ്പന എന്നിവ സമന്വയിപ്പിച്ചാണ് ഈ സ്മാർട്ട്ഫോൺ പുറത്തിറക്കിയിരിക്കുന്നത്. 6.9 ഇഞ്ച് ഡിസ്പ്ലേയും 120 ഹെർട്സ് അഡാപ്റ്റീവ്സിങ്ക് പുതുക്കൽ നിരക്കും അടങ്ങിയ ഡിസ്പ്ലേ കാഴ്ചാനുഭവം കൂടുതൽ സുഗമമാക്കുന്നു. കണ്ണുകളുടെ സംരക്ഷണത്തിനായി ടിയുവി റൈൻലാൻഡ് സാക്ഷ്യപത്രവും ഇതിനുണ്ട്.

ദൈനംദിന ഉപയോഗങ്ങൾക്കായി 6000 എംഎഎച്ച് ബാറ്ററിയും 33 വാട്ട് അതിവേഗ ചാർജിങ് സംവിധാനവുമാണ് ഫോണിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സ്മാർട്ട് ചാർജിങ് സാങ്കേതികവിദ്യ ബാറ്ററിയുടെ ആയുസ്സ് വർധിപ്പിക്കുന്നു. മീഡിയടെക് ഡൈമെൻസിറ്റി 6300 മൊബൈൽ പ്ലാറ്റ്ഫോമിൽ പ്രവർത്തിക്കുന്ന ഈ ഫോണിൽ മെമ്മറി വികസന സൗകര്യത്തോടുകൂടിയ 12 ജിബി വരെ റാം പിന്തുണ ലഭിക്കും. 50 മെഗാപിക്സൽ കൃത്രിമബുദ്ധി അധിഷ്ഠിത ക്യാമറ, ഐപി64 പൊടിയും വെള്ളവും പ്രതിരോധിക്കുന്ന സംവിധാനം, വെറ്റ് ടച്ച് സാങ്കേതികവിദ്യ 2.0 എന്നിവയും ഇതിന്റെ പ്രത്യേകതകളാണ്.

ഷവോമി ഹൈപ്പർഒഎസ് 3 അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഈ ഫോണിൽ ഗൂഗിൾ ജെമിനി, വൃത്തം വരച്ച് തിരയാനുള്ള സൗകര്യം, വശത്ത് ഘടിപ്പിച്ച വിരലടയാള സെൻസർ, 3.5 മില്ലിമീറ്റർ ഹെഡ്ഫോൺ ജാക്ക് എന്നിവ ലഭ്യമാണ്. 4 ജിബി റാം + 128 ജിബി സംഭരണ ശേഷിയുള്ള വകഭേദത്തിന് 20,999 രൂപയും, 6 ജിബി റാം + 128 ജിബി വകഭേദത്തിന് 22,999 രൂപയുമാണ് വില. ഈ ഫോൺ എംഐ ഡാറ്റ് കോം, ആമസോൺ, ഷവോമി റീട്ടെയിൽ കേന്ദ്രങ്ങൾ എന്നിവ വഴി വാങ്ങാവുന്നതാണ്.

# ഓഹരി ഉടമകൾക്ക് ലാഭവിഹിതം നൽകി ഇൻകെൽ



**കോഴിക്കോട്:** കേരള സർക്കാരിന് ഓഹരി പങ്കാളിത്തമുള്ള ഇൻകെൽ 2022-23 മുതൽ തുടർച്ചയായി നാലാം വർഷവും ഓഹരി ഉടമകൾക്ക് ലാഭവിഹിതം നൽകി. മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടിയുടെ അധ്യക്ഷതയിൽ എറണാകുളം ഐഎംഎ ഹാളിൽ നടന്ന യോഗത്തിൽ ഇൻകെലിന്റെ പ്രവർത്തനങ്ങൾക്കു പുതിയ ദിശാബോധം നൽകി വ്യവസായ വികസനത്തിന് ഉതകുന്നതരത്തിൽ പുതിയ പദ്ധതികൾക്ക് രൂപം നൽകാൻ തീരുമാനിച്ചു.

പ്രോജക്ട് മാനേജ്മെൻറ് കൺസൾട്ടൻസി മേഖലയിൽ ഇപ്പോൾ ഇൻകെൽ ഒന്നാം സ്ഥാനത്താണ്.

2025-26 സാമ്പത്തിക വർഷം നൽകുന്ന 5.50 ശതമാനം ലാഭവിഹിതമായ 2.88 കോടി ഉൾപ്പടെ കഴിഞ്ഞ നാലു വർഷങ്ങളിലായി കേരള സർക്കാരിലേക്ക് 8.20 കോടി ലാഭവിഹിതമായി ഇൻകെൽ നൽകി. കേരള സർക്കാരിന് പുറമേ കെഎസ്ഐഡിസിക്കും കിൻഫ്രക്കും 1.21 കോടി രൂപ വീതം ലാഭ വിഹിതംനൽകിയിട്ടുണ്ട്.

36 കോടിയോളം രൂപ ലാഭവിഹിതമായി ഇൻകെൽ നൽകിക്കഴിഞ്ഞു. വിറ്റു വരവ് കഴിഞ്ഞ സാമ്പത്തിക വർഷത്തെ 65.24 കോടിയിൽനിന്ന് 37.51 ശതമാനം വളർച്ചയോടെ 89.71കോടി രൂപയായി ഉയർന്നു. കമ്പനിയുടെ ചരിത്രത്തിലെ രണ്ടാമത്തെ ഉയർന്ന ലാഭമാണ് 2025-26ൽ രേഖപ്പെടുത്തിയത്.

കമ്പനിയുടെ ബിസിനസ് മോഡലിൻറെ കരുത്തും വൈവിധ്യവത്കരണവുമാണ് ഈ റിക്കാർഡ് നേട്ടത്തിന് പിന്നിലെന്ന് യോഗത്തിനു ശേഷം ഇൻകെൽ മാനേജിംഗ് ഡയറക്ടർ, ഡോ. കെ. ഇളങ്കോവൻ അറിയിച്ചു.



# ക്രിസ്മസിനെ വരവേൽക്കാൻ കേക്ക് മിക്സിങ്ങുമായി ലുലു

## 4,000 കിലോ ചേരുവകളുമായി കേക്ക് മികിസിങ്ങ് സംഘടിപ്പിച്ചു

**കൊച്ചി:** ക്രിസ്മസിനെ വരവേൽക്കാൻ ലുലു മാളിൽ കേക്ക് മിക്സിങ് ചടങ്ങ് സംഘടിപ്പിച്ചു. ഷെഫ് സുരേഷ് പിള്ള, നടൻ ബിനീഷ് കോടിയേരി എന്നിവർ ചേർന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്തു. പ്ലം കേക്കുകൾക്കായി 4,000 കിലോഗ്രാം ചേരുവകളാണ് ലുലു ഈ സീസണിൽ തയ്യാറാക്കിയത്. പ്രീമിയം ഡ്രൈ ഫ്രൂട്ട്സ്, റിച്ച് ഫ്രൂട്ട്സ്, വിവിധതരം നട്ട്സ്, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുൾപ്പെടെ 25ലധികം ചേരുവകളാണ് മിക്സിങ്ങിനായി ഉപയോഗിച്ചു.

ഉണക്കമുന്തിരി, കശുവണ്ടി, ഈന്തപ്പഴം, കാൻഡിഡ് ചെറി, ടൂട്ടി ഫ്രൂട്ടി, ഓറഞ്ച് പീൽ തുടങ്ങിയ ചേരുവകൾ ഫ്രഷ് മുന്തിരിപ്പഴച്ചാറിൽ കുതിർത്ത ശേഷമാണ് കേക്കിനുള്ള മിശ്രിതം തയ്യാറാക്കിയത്. പൂർണമായും ആൽക്കഹോൾ രഹിതമായാണ് കേക്കുകൾ തയ്യാറാക്കുന്നത്. റിച്ച് പ്ലം, പ്രീമിയം, ഷുഗർലെസ് തുടങ്ങി എട്ടിലധികം വ്യത്യസ്ത വകഭേദങ്ങളിലാണ് ഇത്തവണ പ്ലം കേക്കുകൾ ഒരുങ്ങുക. ലുലു സെൻട്രൽ കിച്ചന്റെ നേതൃത്വത്തിലുള്ള ബേക്ക് ആർട്ട് വിഭാഗം ഈ സീസണിൽ ഒരു ലക്ഷം കേക്കുകൾ വരെ തയ്യാറാക്കും. ക്രിസ്മസ്-പുതുവത്സര ആഘോഷങ്ങളുടെ ഭാഗമായി ലുലുവിലെ ബേക്കറി വിഭാഗത്തിൽ വിപുലമായ കേക്ക് ശേഖരവും ഒരുക്കും.

ചടങ്ങിൽ നടി മേഘ മാത്യു, റ ജില റഡ്യാർ, ലുലു കൊച്ചി ഡയറക്ടർ സാദിഖ് കാസിം, റീജണൽ ഡയറക്ടർ സുധീഷ് ചെറിയിൽ, ലുലു മീഡിയ ഹെഡ് എൻ.ബി സ്വരാജ്, ലുലു ഹോസ്പിറ്റാലിറ്റി ഹെഡ് രാഹുൽരാജ്, കൊച്ചി ലുലു റീട്ടെയിൽ ജനറൽ മാനേജർ ജോ പൈനേടത്ത്, ലുലു സെൻട്രൽ കിച്ചൻ ഡി.ജി.എം ഇർഫാൻ സഗീർ, സെൻട്രൽ ബയിങ് മാനേജർ സന്തോഷ് കുമാർ, ലുലു സെൻട്രൽ കിച്ചൻ ആർ.ആൻ ഡി എക്സിക്യൂട്ടീവ് ഷെഫ് ജോർജ് കുര്യൻ, കൊച്ചി റീജണൽ ഫ്രഷ് ഫുഡ് മാനേജർ കെ.കെ അഭീഷ് തുടങ്ങിയവർ പ്രസംഗിച്ചു.

# വീടുകളിലെ ജലവിതരണം എളുപ്പമാക്കാൻ ക്രോംപ്ടൺ ഇന്റലിസെൻസ് സ്മാർട്ട്പ്രോ

**കൊച്ചി:** വീടുകളിലെ ജലവിതരണം കൂടുതൽ എളുപ്പവും സുരക്ഷിതവുമാക്കുന്നതിനായി ക്രോംപ്ടൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കൽസ് ലിമിറ്റഡ് വയർലെസ് വാട്ടർ ലെവൽ കൺട്രോളറായ 'ക്രോംപ്ടൺ ഇന്റലിസെൻസ് സ്മാർട്ട്പ്രോ' വിപണിയിൽ അവതരിപ്പിച്ചു. വയറിങ് ഇല്ലാതെ ടാങ്കിലെ ജലനിരപ്പ് നിയന്ത്രിക്കാനും സ്മാർട്ട്ഫോൺ വഴി പമ്പിന്റെ പ്രവർത്തനം നിരീക്ഷിക്കാനും സഹായിക്കുന്നതാണ് പുതിയ സംവിധാനം.




ലോറ സാങ്കേതികവിദ്യ ഉപയോഗിക്കുന്ന ഉപകരണത്തിലൂടെ ഗ്രൗണ്ട് ഫ്ലോർ മുതൽ ഏഴാം നില വരെയുള്ള ടാങ്കുകളെ വയർലെസ് ആയി നിയന്ത്രിക്കാം. ടാങ്ക് കാലിയാകുമ്പോൾ പമ്പ് സ്വയം പ്രവർത്തിക്കുകയും നിറയുമ്പോൾ ഓഫാകുകയും ചെയ്യും. ഐഒഎസ്, ആൻഡ്രോയിഡ് പ്ലാറ്റ്ഫോമുകളിൽ ലഭ്യമായ ക്രോംപ്ടൺ സെൻസ് ആപ്പ് വഴി ജലനിരപ്പ് നിരീക്ഷിക്കാനും പ്രവർത്തന ഷെഡ്യൂളുകൾ ക്രമീകരിക്കാനും തകരാറുകളെക്കുറിച്ചുള്ള അലേർട്ടുകൾ സ്വീകരിക്കാനും കഴിയും.

വോൾട്ടേജ് വ്യതിയാനം, ഓവർലോഡ്, ഡ്രൈറൺ എന്നിവയിൽനിന്ന് പമ്പിനെ സംരക്ഷിക്കുന്ന സംവിധാനങ്ങളും ഐപി65 റേറ്റിങ്ങോടുകൂടിയ വെതർപ്രൂഫ് ഡിസൈനും ഉൽപ്പന്നത്തിന്റെ പ്രത്യേകതകളാണ്.

'വീടുകളിലെ ദൈനംദിന കാര്യങ്ങൾ കൂടുതൽ ലളിതവും സൗകര്യപ്രദവുമാക്കുന്ന ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിനാണ് ക്രോംപ്ടൺ എപ്പോഴും മുൻഗണന നൽകുന്നത്. ഇന്റലിസെൻസ് സ്മാർട്ട്പ്രോയിലൂടെ ഈ സൗകര്യങ്ങളെല്ലാം ഒരൊറ്റ സംയോജിത പരിഹാരമായി കൊണ്ടുവന്നിരിക്കുന്നു.

ഇത് ജലവിതരണം നിയന്ത്രിക്കുന്നത് എളുപ്പമാക്കുന്നതിനൊപ്പം ഇൻസ്റ്റാളേഷനിലെ ബുദ്ധിമുട്ടുകളും ഒഴിവാക്കുന്നു,' ക്രോംപ്ടൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കൽസ് ലിമിറ്റഡിന്റെ പമ്പ്സ് ആൻഡ് കിച്ചൻ അപ്ലയൻസസ് ബിസിനസ് ഹെഡ് ആനന്ദ് കുമാർ എൻ. പറഞ്ഞു.

രാജ്യത്തുടനീളമുള്ള റീട്ടെയിൽ സ്റ്റോറുകളിലും ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകളിലും ഉൽപ്പന്നം ലഭ്യമാണ്. 12 മാസത്തെ വാറണ്ടിയും സൗജന്യ ഇൻസ്റ്റാളേഷനും ലഭിക്കും. ഒരൊറ്റ ഇൻവോയ്സിൽ പമ്പും കൺട്രോളറും ഒരുമിച്ച് വാങ്ങുന്നവർക്ക് അധികമായി ആറുമാസത്തെ വാറണ്ടിയും ലഭിക്കുമെന്ന് കമ്പനി അറിയിച്ചു.

## ബജാജ് ഫിനാൻസ് സ്ഥിര നിക്ഷേപങ്ങളുടെ പലിശ നിരക്ക് 40 ബേസിസ് പോയിന്റ് വരെ വർദ്ധിപ്പിച്ചു

**മുംബൈ:** സ്വകാര്യ മേഖലയിലുള്ള ഇന്ത്യയിലെ ഏറ്റവും വലിയ ബാങ്കിതര ധനകാര്യ സ്ഥാപനമായ ബജാജ് ഫിനാൻസ് ലിമിറ്റഡ്, 12 മുതൽ 60 മാസം വരെയുള്ള കാലാവധികളിലെ സ്ഥിര നിക്ഷേപങ്ങളുടെ പലിശ നിരക്കിൽ 15 മുതൽ 40 ബേസിസ് പോയിന്റ് വരെ, ഇന്ന് വർദ്ധനവ് വരുത്തി. പുതുക്കിയ നിരക്കുകൾ ഇന്ന് മുതൽ പ്രാബല്യത്തിൽ വരും; പുതിയ നിക്ഷേപങ്ങൾക്കും നിലവിലുള്ളവ പുതുക്കുന്നതിനും ഇവ ബാധകമാണ്. ദീർഘകാല നിക്ഷേപങ്ങളിലാണ് ഏറ്റവും വലിയ വർദ്ധനവ് വരുത്തിയിരിക്കുന്നത്. 31 മുതൽ 60 മാസം വരെയുള്ള കാലാവധിയിൽ, സാധാരണ നിക്ഷേപകർക്ക് 35 ബേസിസ് പോയിന്റും മുതിർന്ന പൗരന്മാർക്ക് 40 ബേസിസ് പോയിന്റുമാണ് പലിശ നിരക്ക് വർദ്ധിപ്പിച്ചത്.

പുതിയ നിക്ഷേപം നടത്തുന്ന സാധാരണ നിക്ഷേപകർക്ക്, 31 മുതൽ 60 മാസം വരെയുള്ള കാലയളവിൽ ക്യുമുലേറ്റീവ് (സഞ്ചിത) അടിസ്ഥാനത്തിൽ പ്രതിവർഷം 7.40% എന്ന നിരക്കിന് പകരം ഇനി പ്രതിവർഷം 7.75% വരെ പലിശ ലഭിക്കും. 12 മുതൽ 17 മാസം വരെയുള്ള നിക്ഷേപങ്ങളുടെ പലിശനിരക്ക് പ്രതിവർഷം 6.60%ൽ നിന്ന് പ്രതിവർഷം 6.80% ആയും, 18 മുതൽ 30 മാസം വരെയുള്ളവയുടെ നിരക്ക് പ്രതിവർഷം 6.85%ൽ നിന്ന് പ്രതിവർഷം 7.00% ആയും വർധിച്ചു.

മുതിർന്ന പൗരന്മാർക്ക് എല്ലാ നിക്ഷേപ കാലാവധികളിലും സാധാരണ നിരക്കുകളേക്കാൾ അധികമായി ലഭിക്കുന്ന പലിശനിരക്ക് മുൻപുണ്ടായിരുന്ന 0.35%ത്തിൽ നിന്നും പ്രതിവർഷം 0.40%മായി ഉയർത്തി. 31 മുതൽ 60 മാസം വരെയുള്ള കാലാവധിയിലുള്ള പുതിയ നിക്ഷേപങ്ങൾക്ക് മുമ്പ് 7.75%മായിരുന്ന പലിശനിരക്ക് ഇനി പ്രതിവർഷം 8.15% വരെയായിരിക്കും. നിലവിൽ 12 മുതൽ 17 മാസം വരെയുള്ള നിക്ഷേപങ്ങൾക്ക് പ്രതിവർഷം 7.20%വും, 18 മുതൽ 30 മാസം വരെയുള്ളവയ്ക്ക് പ്രതിവർഷം 7.40%വുമാണ് പലിശനിരക്ക്.

## ഐസിഐസിഐ ലൈഫ് ഇൻഷുറൻസിന് പുതിയ ബ്രാൻഡ് ഐഡന്റിറ്റിയും ടാഗ്‌ലൈനും

**കൊച്ചി:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഐസിഐസിഐ ലൈഫ് ഇൻഷുറൻസ് ലിമിറ്റഡ്, പുതിയ ബ്രാൻഡ് ഐഡന്റിറ്റിയും ഹർ കൽ ആസാൻ എന്ന പുതിയ ടാഗ്‌ലൈനും പ്രഖ്യാപിച്ചു. ഇന്ത്യൻ ഉപഭോക്താക്കൾക്ക് ലൈഫ് ഇൻഷുറൻസ് കൂടുതൽ ലളിതവും സുതാര്യവും എളുപ്പമുള്ളതുമാക്കുക, നാളെയെ കൂടുതൽ എളുപ്പത്തിൽ മുന്നോട്ടുകൊണ്ടുപോകാം എന്ന വാഗ്ദാനം യാഥാർത്ഥ്യമാക്കുക എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

കഴിഞ്ഞ 25 വർഷത്തിനിടെ 20 കോടിയിലധികം ഇന്ത്യക്കാരുടെ ഭാവിയും സ്വപ്നങ്ങളും സുരക്ഷിതമാക്കാൻ കമ്പനിക്ക് സാധിച്ചതായി മാർക്കറ്റിങ്, ഡിജിറ്റൽ, ബാങ്ക് അഷ്വറൻസ് വിഭാഗം മേധാവി ശ്രീനിവാസ് ബാലസുബ്രഹ്മണ്യൻ വ്യക്തമാക്കി. ഇന്നത്തെ സങ്കീർണമായ സാമ്പത്തിക സാഹചര്യങ്ങളിൽ ഉപഭോക്താക്കൾക്ക് കൂടുതൽ ആത്മവിശ്വാസവും മനഃസമാധാനവും നൽകുന്നതിനൊപ്പം, 2047ഓടെ രാജ്യത്തെ എല്ലാവർക്കും ഇൻഷുറൻസ് ലഭ്യമാക്കുക എന്ന ദേശീയ ലക്ഷ്യത്തിലേക്ക് സംഭാവന നൽകാനും കമ്പനി പ്രതിജ്ഞാബദ്ധമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

## ഇന്ത്യയിൽ വെവേഴ്സ് കോൺ ഫെസ്റ്റിവൽ




**കൊച്ചി:** ലോകത്തെ പ്രമുഖ കെപോപ്പ് സംഗീതോത്സവമായ വെവേഴ്സ് കോൺ ഫെസ്റ്റിവൽ ആദ്യമായി ഇന്ത്യയിലെത്തുന്നു. 2027 മാർച്ച് 27, 28 തീയതികളിൽ ന്യൂഡൽഹിയിലാണ് ഫെസ്റ്റിവൽ നടക്കുക. ദക്ഷിണ കൊറിയയ്ക്ക് പുറത്തുള്ള വെവേഴ്സ് കോൺ ഫെസ്റ്റിവലിന്റെ ആദ്യ പതിപ്പാണിത്. ഹൈബ്, വെവേഴ്സ്, ബുക്ക്മൈഷോ ലൈവ് എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഇന്ത്യൻ, അന്താരാഷ്ട്ര സംഗീതജ്ഞർക്കൊപ്പം പ്രമുഖ കെപോപ്പ് താരങ്ങളും ഫെസ്റ്റിവലിൽ അണിനിരക്കും. സംഗീത പരിപാടികൾക്ക് പുറമെ ആരാധകരുമായി സംവദിക്കാനുള്ള അവസരങ്ങൾ, ബ്രാൻഡ് ആക്ടിവേഷനുകൾ, സാംസ്കാരിക പരിപാടികൾ എന്നിവയും ഉണ്ടായിരിക്കും. വിവിധ സംഗീത സംസ്കാരങ്ങളെ ഒരുമിപ്പിക്കുന്ന പ്രത്യേക സഹകരണ വേദികളും ഫെസ്റ്റിവലിന്റെ ഭാഗമാകും. ബുക്ക് മൈ ഷോ വഴിയായിരിക്കും ടിക്കറ്റ് വിൽപ്പന. ഹൈബിന്റെ ആഗോള വളർച്ചാ പദ്ധതിയിൽ ഇന്ത്യയ്ക്ക് നൽകുന്ന പ്രാധാന്യവും ഫെസ്റ്റിവൽ വ്യക്തമാക്കുന്നു.

സൊസൈറ്റി ടുഡേ
SOCIETY TODAY

### കാൻസർ ബാധിതർക്കുള്ള സഹായം

# ഹോളി സ്പിരിറ്റ് ആശുപത്രിയുമായി സഹകരിച്ച് ഫെഡറൽ ബാങ്ക് ഹോർമിസ് ഫൗണ്ടേഷൻ

**കൊച്ചി:** കാൻസർ അവബോധവും ചികിൽസാ സഹായവും സംയോജിപ്പിച്ചു നടപ്പാക്കുന്ന സിഎസ്ആർ പദ്ധതിയായ സഞ്ജീവനിക്കു കീഴിൽ മുംബൈ അന്ധേരിയിലെ ഹോളി സ്പിരിറ്റ് ആശുപത്രിയുമായി ഫെഡറൽ ബാങ്ക് ഹോർമിസ് ഫൗണ്ടേഷൻ ധാരണാ പത്രം ഒപ്പു വെച്ചു.

ഇതിന്റെ ഭാഗമായി ഹോളി സ്പിരിറ്റ് ആശുപത്രിയുടെ ഗുണഭോക്തൃ പിന്തുണാ പദ്ധതിക്ക് ഫൗണ്ടേഷൻ 75 ലക്ഷം രൂപ സംഭാവന നൽകി. പദ്ധതിയുടെ ധാരണാ പത്രം ഫെഡറൽ ബാങ്ക് മുംബൈ സോൺ മേധാവിയും സീനിയർ വൈസ് പ്രസിഡന്റുമായ റിഷി ഝായും ഹോളി സ്പിരിറ്റ് ആശുപത്രി എസ്കിക്യൂട്ടീവ് ഡയറക്ടറുമായ ലിസ്സി ദേവസ്സിയും കൈമാറി.

ചടങ്ങിൽ ബാങ്കിന്റെ റീജണൽ മേധാവിയും ഡെപ്യൂട്ടി വൈസ് പ്രസിഡന്റുമായ അരുൺ രാജു, മുംബൈ സോണൽ സെയിൽസ് മേധാവിയും ഡെപ്യൂട്ടി വൈസ് പ്രസിഡന്റുമായ പർവേഷ് ഹബ്ലാനി, ബാങ്കിന്റെ മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ, ഹോളി സ്പിരിറ്റ് ആശുപത്രി ഫിനാൻസ് ഡയറക്ടർ സിസ്റ്റർ ശ്രുതി ചാക്കോ, കാൻസർ സെന്റർ ഇൻ ചാർജ് സിസ്റ്റർ മെറ്റിൽഡ ജോർജ്ജ്, റേഡിയേഷൻ ഓങ്കോളജിസ്റ്റ് ഡോ. അജയ് കോൽസെ, ചീഫ് ഫിനാൻഷ്യൽ ഓഫിസർ കെ വി രവീന്ദ്രകുമാർ തുടങ്ങിയവർ പങ്കെടുത്തു.

ഫെഡറൽ ബാങ്കിന്റെ സി.എസ്. ആർ പദ്ധതിയായ സഞ്ജീവനിയിലൂടെ ഇതുവരെ 13,645 പേർക്ക് കാൻസർ സ്ക്രീനിംഗ് നടത്തിയിട്ടുണ്ട്. കൂടാതെ 33,014 ഗുണഭോക്താക്കൾക്ക് ബോധവത്ക്കരണം, രോഗനിർണ്ണയം, പരിശോധന, ചികിത്സാസഹായം, രോഗീപരിചരണം തുടങ്ങിയ ആവശ്യങ്ങൾക്കുള്ള സഹായവും നൽകിയിട്ടുണ്ട്.

സമൂഹത്തിന്റെ ആവശ്യങ്ങൾ മനസിലാക്കി ജനങ്ങളുടെ ജീവിതത്തിൽ നിർണായകമായ വ്യത്യാസം പ്രദാനം ചെയ്യുന്ന പിന്തുണാ നീക്കങ്ങൾ നടത്തുന്നതിലൂടെയാണ് അർത്ഥവത്തായ മാറ്റങ്ങൾ ആരംഭിക്കുന്നതെന്നു തങ്ങൾ വിശ്വസിക്കുന്നതായി ഇതേക്കുറിച്ചു സംസാരിക്കവെ ബാങ്ക് സീനിയർ വൈസ് പ്രസിഡന്റ് റിഷി ഝാ പറഞ്ഞു. സുസ്ഥിരമായ സാമൂഹിക പ്രതിഫലനങ്ങളുണ്ടാക്കുന്നതും, ക്രിയാത്മകമായ പ്രവർത്തനങ്ങൾ തുടരാനുള്ള ശ്രമങ്ങളുടെ ഭാഗമായുമുള്ള ബാങ്കിന്റെ മറ്റൊരു ചുവടുവെപ്പാണ് ധാരണാപത്രമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

വ്യക്തിപരമായ ഉണർവ്വിനും ദേശീയ വികസനത്തിനും ആവശ്യമായ അടിസ്ഥാനപരമായ ഘടകമാണ് ആരോഗ്യം എന്നു മനസിലാക്കിയുള്ള പദ്ധതികളാണ് സഞ്ജീവനി ഉൾപ്പെടെയുള്ള ഫെഡറൽ ബാങ്കിന്റെ സാമൂഹിക പ്രതിബദ്ധതാ പദ്ധതികൾ.




# പുതിയ അൾട്ട് പവർ സൗണ്ട് പാർട്ടി സ്പീക്കറുകൾ പുറത്തിറക്കി സോണി ഇന്ത്യ

**കൊച്ചി:** മികച്ച ശബ്ദാനുഭവവും ഡിസൈനുമായി സോണി ഇന്ത്യ പുതിയ അൾട്ട് പവർ സൗണ്ട് പാർട്ടി സ്പീക്കറുകൾ വിപണിയിൽ അവതരിപ്പിച്ചു. അൾട്ട് ടവർ 5, അൾട്ട് ടവർ 7, അൾട്ട് ടവർ മാക്സ് എന്നീ രണ്ടാം തലമുറ മോഡലുകളാണ് കമ്പനി പുറത്തിറക്കിയിരിക്കുന്നത്. സോണിയുടെ തനതായ ശബ്ദ സാങ്കേതികവിദ്യയും ആകർഷകമായ പുതിയ ടവർ ഡിസൈനും കോർത്തിണക്കിയാണ് ഇവ ഒരുക്കിയിട്ടുള്ളത്. ചെറിയ ഒത്തുചേരലുകൾക്കും വലിയ ഔട്ട്ഡോർ പാർട്ടികൾക്കും ഒരുപോലെ അനുയോജ്യമായ രീതിയിലാണ് ഇതിന്റെ നിർമ്മാണം.

300ഡബ്ല്യൂ സൗണ്ട് ഔട്ട്പുട്ട് നൽകുന്ന കോംപാക്റ്റ് ഡിസൈനിലുള്ള മോഡലാണ് അൾട്ട് ടവർ 5. അൾട്ട് ഡക്റ്റ് സാങ്കേതികവിദ്യയുള്ള 230 എംഎം വൂഫർ, രണ്ട് ട്വീറ്ററുകൾ എന്നിവ ഇതിലുണ്ട്. ഒരു തവണ ചാർജ് ചെയ്താൽ 20 മണിക്കൂർ വരെ ബാറ്ററി ലൈഫ് ലഭിക്കും. ഐപിഎക്സ്4 വാട്ടർ റെസിസ്റ്റൻസ് സംവിധാനമുള്ള ഈ മോഡലിൽ, പഴയതിനേക്കാൾ ഏഴിരട്ടി കൂടുതലായി 56 എൽഇഡികൾ ലൈറ്റിംഗ് സിസ്റ്റത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബ്ലൂടൂത്ത് 5.3, യുഎസ്ബി, കരോക്കെ ഫീച്ചറുകൾ തുടങ്ങിയവ ഇതിന്റെ സവിശേഷതകളാണ്. 12.7 കിലോഗ്രാമാണ് ഇതിന്റെ ഭാരം.

420ഡബ്ല്യൂ സൗണ്ട് ഔട്ട്പുട്ടിൽ 360ഡിഗ്രി പാർട്ടി സൗണ്ട് നൽകാൻ ശേഷിയുള്ള മോഡലാണ് അൾട്ട് ടവർ 7. ഇതിന്റെ പ്രധാന ആകർഷണം 280 എംഎം സർക്കുലർ യൂണിറ്റ് വൂഫറാണ്. ഈ സ്പീക്കറിന് 30 മണിക്കൂർ വരെ ബാറ്ററി ലൈഫും കമ്പനി വാഗ്ദാനം ചെയ്യുന്നുണ്ട്. മുമ്പത്തെ മോഡലിനേക്കാൾ ഒമ്പതിരട്ടി കൂടുതലായി 72 എൽഇഡികൾ ഉൾപ്പെടുത്തിയുള്ള ലൈറ്റിംഗ് സിസ്റ്റമാണ് ഇതിലുള്ളത്. എളുപ്പത്തിൽ കൊണ്ടുനടക്കാൻ സാധിക്കുന്ന രൂപകല്പനയും ഐപിഎക്സ്4 റേറ്റിംഗും ഇതിനുണ്ട്.

സീരീസിലെ പുതിയ ഫ്ലാഗ്ഷിപ്പ് മോഡലായ അൾട്ട് ടവർ മാക്സ് 2150ഡബ്ല്യൂ പവർ ഔട്ട്പുട്ടാണ് നൽകുന്നത്. ഇതിൽ 280 എംഎം വലിപ്പമുള്ള മൂന്ന് സർക്കുലർ യൂണിറ്റ് വൂഫറുകൾ ഉപയോഗിച്ചിട്ടുണ്ട്. 100 എൽഇഡികൾ ഉൾപ്പെടുന്ന പുതിയ ലൈറ്റിംഗ് ഡിസൈനും സ്പ്ലാഷ് റെസിസ്റ്റന്റ് ടോപ്പ് പാനലും ഇതിനുണ്ട്. ഡിജെകൾക്കും വലിയ പാർട്ടികൾക്കും ഏറെ അനുയോജ്യമായ രീതിയിലാണ് ഇത് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

അൾട്ട് ടവർ മാക്സിന് 1,74,990 രൂപയാണ് എംആർപി എങ്കിലും 1,39,990 രൂപയ്ക്ക് ലഭ്യമാകും. നവംബർ 15 മുതലാണ് ഈ മോഡൽ വിപണിയിലെത്തുക. 15,000 രൂപ വരെയുള്ള ക്യാഷ്ബാക്കിനൊപ്പം 19,990 രൂപ വിലമതിക്കുന്ന ഡ്യുവൽ വയർലെസ്സ് മൈക്കും ലോഞ്ച് ഓഫറായി ലഭിക്കും.

64,990 രൂപ എംആർപിയുള്ള അൾട്ട് ടവർ 7 മോഡൽ 49,990 രൂപയ്ക്ക് ലഭ്യമാകും. ഇതിനൊപ്പം 4,999 രൂപയുടെ ക്യാഷ്ബാക്ക് ഓഫറുമുണ്ട്. 44,490 രൂപ എംആർപിയുള്ള അൾട്ട് ടവർ 5 മോഡൽ 34,990 രൂപയ്ക്കാണ് ലഭ്യമാകുക. 3,000 രൂപയുടെ ക്യാഷ്ബാക്ക് ഓഫറും ഇതിനുണ്ട്.

## ഏജീസ് ഫെഡറൽ ലൈഫ് ഇൻഷുറൻസ് ഓറം അഡ്വാന്റേജ് പുറത്തിറക്കി

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ സ്വകാര്യ ലൈഫ് ഇൻഷുറൻസ് കമ്പനിയായ ഏജീസ് ഫെഡറൽ ലൈഫ് ഇൻഷുറൻസ് ഗിഫ്റ്റ് സിറ്റിയിലെ ഒരു ഇൻഷുറർ നൽകുന്ന ആദ്യ മൾട്ടികറൻസി ലൈഫ് ഇൻഷുറൻസ് പ്ലാനായ 'ഓറം അഡ്വാന്റേജ് പ്ലാൻ' അവതരിപ്പിച്ചു. ഉപഭോക്താക്കൾക്ക് ലൈഫ് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനൊപ്പം യുഎസ് ഡോളർ, യൂറോ, പൗണ്ട് എന്നിവയിൽ നിക്ഷേപിക്കാനും ഇതിലൂടെ സാധിക്കും. ഇന്ത്യയിലെ ആദ്യത്തെ അന്താരാഷ്ട്ര ധനകാര്യ സേവന കേന്ദ്രമായ ഗുജറാത്ത് ഇന്റർനാഷണൽ ഫിനാൻസ് ടെക്സിറ്റിയിൽ (ഗിഫ്റ്റ് സിറ്റി) ഏജീസ് ഫെഡറൽ ലൈഫ് ഇൻഷുറൻസ് പ്രവർത്തനം ആരംഭിക്കുന്നതിന്റെ ഭാഗമായാണ് ഈ പുതിയ സംരംഭം.

ഓറം അഡ്വാന്റേജ് പ്ലാൻ ഒരു യൂണിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് പ്ലാനാണ്. അന്താരാഷ്ട്ര ഓഹരികൾ, സ്ഥിരവരുമാന നിക്ഷേപങ്ങൾ, സ്വർണം എന്നിവയുൾപ്പെടെ വിവിധ ആസ്തികളിൽ നിക്ഷേപിക്കാനുള്ള അവസരവും ഈ പദ്ധതിയിലൂടെ ലഭിക്കും. ഇതുവഴി വിവിധ മേഖലകളിലും വ്യത്യസ്ത നിക്ഷേപ വിഭാഗങ്ങളിലുമായി നിക്ഷേപം വൈവിധ്യവത്കരിക്കാനും സാധിക്കും. വിവിധ പ്രീമിയം പേയ്മെന്റ് ഓപ്ഷനുകളും ഫണ്ട് സ്ട്രാറ്റജികളും പ്ലാൻ വാഗ്ദാനം ചെയ്യുന്നുണ്ട്. കൂടാതെ, ലോക്ക്ഇൻ പിരീഡ് ഇല്ലാത്ത ഭാഗിക പിൻവലിക്കൽ സൗകര്യവും, നിബന്ധനകൾക്ക് വിധേയമായി മെച്യൂരിറ്റി ആനുകൂല്യങ്ങൾ, ലോയൽറ്റി അഡിഷനുകൾ, ഡെത്ത് ബെനഫിറ്റുകൾ എന്നിവയും ഇതിലൂടെ ലഭ്യമാകും.

എൻആർഐകൾ, ഒസിഐകൾ, പിഐഒകൾ ഉൾപ്പടെയുള്ള ഏത് രാജ്യക്കാർക്കും അവരുടെ താമസസ്ഥലം പരിഗണിക്കാതെ തന്നെ നിബന്ധനകൾക്ക് വിധേയമായി ഈ പ്ലാൻ തിരഞ്ഞെടുക്കാം. തിരഞ്ഞെടുക്കുന്ന കറൻസി അടിസ്ഥാനമാക്കി ഇതിലെ ചുരുങ്ങിയ നിക്ഷേപം 3,000 യുഎസ് ഡോളർ, 3,000 യൂറോ അല്ലെങ്കിൽ 3,000 പൗണ്ട് ആണ്.

## സൗദി അറേബ്യയിലെ സുരക്ഷാ സാഹചര്യം: ഇന്ത്യൻ എംബസി ഹെൽപ്പ്ലൈൻ നമ്പർ പ്രഖ്യാപിച്ചു

**റിയാദ്:** സൗദി അറേബ്യയിലെ നിലവിലെ സുരക്ഷാ സാഹചര്യം വഷളാകുന്ന പശ്ചാത്തലത്തിൽ, രാജ്യത്ത് താമസിക്കുന്ന എല്ലാ ഇന്ത്യൻ പൗരന്മാരുടെയും സുരക്ഷ ഉറപ്പാക്കുന്നതിനായി റിയാദിലെ ഇന്ത്യൻ എംബസി അടിയന്തര ജാഗ്രതാ നിർദേശം പുറപ്പെടുവിച്ചു. സമീപകാല സംഭവവികാസങ്ങളുടെയും ആക്രമണങ്ങളുടെയും പശ്ചാത്തലത്തിൽ ഇന്ത്യൻ സമൂഹം അതീവ ജാഗ്രതയും കരുതലും പുലർത്തണമെന്ന് എംബസി കർശനമായി അഭ്യർത്ഥിച്ചിട്ടുണ്ട്. സ്ഥിതിഗതികൾ കേന്ദ്ര വിദേശകാര്യ മന്ത്രാലയവും എംബസിയും അതീവ ശ്രദ്ധയോടെ നിരീക്ഷിച്ചു വരികയാണ്.

ഔദ്യോഗിക നിർദേശപ്രകാരം അത്യാവശ്യ ഘട്ടങ്ങളിലല്ലാതെ പൗരന്മാർ വീടുകളിൽ നിന്ന് പുറത്തിറങ്ങരുതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സൈനിക നീക്കങ്ങൾ, സ്ഫോടനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട സ്ഥിരീകരിക്കാത്ത വാർത്തകളും ദൃശ്യങ്ങളും സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കരുതെന്നും എംബസി മുന്നറിയിപ്പ് നൽകിയിരിക്കുന്നു. പ്രാദേശിക ഭരണകൂടം നൽകുന്ന ഔദ്യോഗിക വിവരങ്ങൾ മാത്രം മുഖവിലയ്ക്കെടുക്കണമെന്നും വ്യാജപ്രചാരണങ്ങളിൽ നിന്ന് വിട്ടുനിൽക്കണമെന്നും നിർദേശമുണ്ട്.

അടിയന്തര സാഹചര്യങ്ങളിൽ ആവശ്യമായ നയതന്ത്ര സഹായങ്ങളും മാർഗനിർദേശങ്ങളും ലഭ്യമാക്കുന്നതിനായി ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന പ്രത്യേക സഹായ കേന്ദ്രം സജ്ജീകരിച്ചിട്ടുണ്ട്. പ്രവാസി പൗരന്മാർക്ക് ആവശ്യഘട്ടങ്ങളിൽ ബന്ധപ്പെടുന്നതിനായി 8002471234 എന്ന ടോൾ ഫ്രീ നമ്പറും എംബസി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രവാസികൾ ഔദ്യോഗിക നിർദേശങ്ങൾ കർശനമായി പാലിക്കണമെന്ന് അധികൃതർ വീണ്ടും ഓർമ്മിപ്പിച്ചു.

## കൊച്ചിയിൽ പോപ്പ്അപ്പ് പാർക്കുമായി ഹൈബ് ഇന്ത്യ

**കൊച്ചി:** ഹൈബ് ഇന്ത്യ ഓഡിഷൻ ഫൈനൽ കോളിന്റെ ഭാഗമായി ഹൈബ് ഇന്ത്യയുടെ പോപ്പ്അപ്പ് പാർക്ക് ഒക്ടോബർ 17ന് കൊച്ചിയിലെ സിയാൽ ട്രേഡ് ഫെയർ ആൻഡ് എക്സിബിഷൻ സെന്ററിൽ നടക്കും. ഉച്ചയ്ക്ക് രണ്ട് മുതൽ രാത്രി എട്ട് വരെയാണ് പരിപാടി. സാറാ ബ്ലാക്കിന്റെ ലൈവ് പെർഫോമൻസും ഡിജെ ഗണിന്റെ നേതൃത്വത്തിലുള്ള കെഡാൻസ് പാർട്ടിയും പ്രധാന ആകർഷണങ്ങളാണ്. ഫോട്ടോ ബൂത്ത്, ടിഎക്സ്ടി ഫോട്ടോ ഓപ്പ്, വീവേഴ്സ് മെസേജ് വാൾ തുടങ്ങിയ അനുഭവങ്ങളും ഒരുക്കിയിട്ടുണ്ട്. ഗായനം, റാപ്പ്, നൃത്തം, അഭിനയം, മോഡലിങ് മേഖലകളിൽ താൽപര്യമുള്ള 2005നും 2011നും ഇടയിൽ ജനിച്ച പെൺകുട്ടികൾക്ക് വേദിയിൽ നേരിട്ട് ഓഡിഷനിൽ പങ്കെടുക്കാം. ഡിസ്ട്രിക്ട് പ്ലാറ്റ്ഫോം വഴി ടിക്കറ്റുകൾ ബുക്ക് ചെയ്യാം.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com